ശ്രീ. കണ്ണാറെ ഗോപാലപണിക്കർ : എന്നു തുടങ്ങിയെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള ; അതിന്റെ തിയ്യതിയും മണിക്കൂറും ഒന്നും ഇപ്പോൾ നിശ്ചയമില്ല. സമീപകാലത്തു തന്നെ തുടങ്ങിയിട്ടുണ്ട്. ജോലികൾ നടന്നുകൊണ്ടിരിക്കയുമാണ്.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ : എത്ര ഭവനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ ഭവനനിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കളത്തിൽ എന്ന സ്ഥലത്തു ൨൦ വീടുകളുടെ പണി നടന്നുകൊണ്ടിരിക്കയാണ്, അടിസ്ഥാനമിടൽ പൂർത്തിയായിട്ടുണ്ട്.

ഗസറ്റ് പ്രസിദ്ധീകരണം

*൨൪൫൨ (നസ്സ) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) ചൊവ്വാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന ഗസറ്റ് കൊച്ചിയിൽ കിട്ടുന്നതു അടുത്ത ഞായറാഴ്ചയാണെന്നു ദയവുണ്ടായി അറിയാമോ?

(ബി) ഇത്രകാലതാമസത്തിനുള്ള കാരണമെന്താണ്?

ബഹു. ശ്രീ, ടി. കെ. നാരായണപിള്ള : (എ) ഗസറ്റിൽ പരസ്യം ചെയ്യാനുള്ളവകകളും അധികവും താമസിച്ചു കിട്ടികൊണ്ടിരുന്നതിനാലും, വളരെ അധികം പ്രതികളും അച്ചടിക്കേണ്ടിയിരുന്നതിനാലും, ഇതരകാരണങ്ങളാലും കുറച്ചുകാലത്തിനു മുമ്പുവരെ ഗസറ്റ് വ്യാഴാഴ്ചയോ വെള്ളിയാഴ്ചയോ മാത്രമേ പുറത്തിറക്കാൻ സാധിച്ചിരുന്നുള്ളൂ. എങ്കിലും കൊച്ചിയെപ്പോലെ ദൂരപ്രദേശങ്ങളിലേക്കുള്ള പ്രതികളും അടുത്ത പ്രദേശങ്ങളിലേക്കുള്ള പ്രതികളും അയക്കുന്നതിനു മുമ്പുതന്നെ അയച്ചുവന്നിരുന്നു. അങ്ങിനെ അയച്ചു കൊടുക്കണമെന്നു പ്രത്യേകം നിർദ്ദേശവും ഉണ്ടായിരുന്നു. പരസ്യവസ്തുതകളും കൃത്യസമയത്തിനകം കിട്ടുന്നതിനുവേണ്ട കർശനനടപടികളും എടുത്തിട്ടുള്ളതിനാലും അച്ചടിസംബന്ധമായ ജോലികളും എറണാകുളം പ്രസ്സിലേക്കും തിരുവനന്തപുരം പ്രസ്സിലേക്കുമായി വിഭജനം ചെയ്തിട്ടുള്ളതിനാലും ബുധനാഴ്ച പുറത്തിറക്കുന്ന ഗസറ്റ് കൊച്ചിയിലേക്ക് ബുധനാഴ്ചതന്നെ അയച്ചുകൊടുക്കുന്നതിനു സാധിച്ചിട്ടുണ്ട്. അങ്ങിനെ അയച്ചുകൊടുക്കുന്നതിനു പ്രത്യേകം നിർദ്ദേശങ്ങളും അയച്ചിട്ടുണ്ട്.

(ബി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ശ്രീ. കണ്ണാറെ ഗോപാലപണിക്കർ : (എ) ഭാഗം ഉത്തരത്തിൽ പറയുന്ന ഇതരകാരണങ്ങളിൽ ചിലതെങ്കിലും പറയാമോ?

ബഹു. ശ്രീ. ടി, കെ. നാരായണപിള്ള : പറഞ്ഞേ തീരുവെന്നു നിർബന്ധമുണ്ടെങ്കിൽ പറയാം.

ശ്രീ. കെ. എസ്സ്. ജോസഫ് : തിരുവനന്തപുരത്തു തന്നെയും ഗസറ്റ് താമസിച്ചേ കിട്ടുന്നുള്ളൂ എന്നു പരാതികളും ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : മുമ്പ് അങ്ങിനെ ഉണ്ടായിരിക്കാം ഇപ്പോൾ സമയത്തുതന്നെ എത്തിച്ചുകൊടുക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. സമയത്തു കിട്ടുന്നില്ലെന്നു പരാതിയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിച്ചു മേലാൽ കാലതാമസമുണ്ടാകാതിരിക്കാൻ ശ്രമിക്കാം.

ശ്രീ. പി. കെ. ഡീവർ : നേരത്തെ പറഞ്ഞ ഉത്തരത്തിൽ നിന്നും കൊച്ചിയിൽ ഇപ്പോൾ ഗസറ്റ് ബുധനാഴ്ചതന്നെ എത്തിച്ചുകൊടുക്കുന്നു എന്ന് പറഞ്ഞതായി തോന്നുന്നു.....

ബഹു. ശ്രീ: ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞില്ല. ബുധനാഴ്ച തന്നെ അയച്ചുകൊടുക്കുന്നുണ്ട്. അതിനുവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

ശ്രീ. കെ. അയ്യപ്പൽ : ചൊവ്വാഴ്ച പുറപ്പെടുന്ന ഗസറ്റ് ചൊവ്വാഴ്ചതന്നെ അയച്ചുകൊടുക്കാൻ പാടില്ലേ.

LIBRARY ARCHIVES Kerala Legislative Assembly

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അച്ചടിച്ചു തീരുമ്പോൾ രാത്രിയായിരിക്കുമെന്നുള്ളതുകൊണ്ടു് അതു വിഷമമാണു്.

ശ്രീ. കെ. അയ്യപ്പൻ : പ്രസിദ്ധം ചെയ്യുന്ന ദിവസംതന്നെ അഞ്ചലിൽ അയച്ചുകൊടുക്കത്തക്ക സൌകര്യത്തിൽ അച്ചടി പൂർത്തിയാക്കിക്കൂടെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു തക്കവണ്ണം അച്ചടി നേരത്തെ തീരുകയാണെങ്കിൽ ചൊവ്വാഴ്ചതന്നെ അയക്കുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ശസനം കൂട്ടികെട്ടാതെ പ്രത്യേകം പ്രത്യേകം ഷീറ്റുകളായി അയക്കുന്നുഎന്നു് പരാതികൾ ഉണ്ടായിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ പരാതി ഉണ്ടായിട്ടില്ല. നേരെമറിച്ചു് എല്ലാംകൂടി കൂട്ടികെട്ടി ഒരു വലിയ പുസ്തകമായി അയക്കണം, ഓഫീസർ ട്ടുമെൻറൽ ഷീറ്റും പ്രത്യേകം പ്രത്യേകമായി അയക്കേണ്ടതാണു് എന്നു് പരാതികിട്ടിയിട്ടുണ്ടു്.

ശ്രീ. ടി ടി. കേശവൻശാസ്ത്രി : കൂട്ടികെട്ടി അയക്കുന്നതാണു് സൌകര്യമെന്നറിയാമോ?

ബഹു. ശ്രീ. ടി: കെ. നാരായണപിള്ള . അതറിയാവുന്നതുകൊണ്ടാണു് ഇപ്പോൾ അങ്ങിനെ അയച്ചുകൊടുക്കുന്നതു്.

സസ്പെൻഷനിലായ ഉദ്യോഗസ്ഥന്മാർ

*൨൪൭൨ (൯൭) ശ്രീ. കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിനൽകുമോ?

(എ) ആരോപണങ്ങൾക്കു വിധേയരായ ഫസ്റ്റ് ഉദ്യോഗസ്ഥന്മാരെ കോടതി മുഖാന്തിരം അവരുടെ നിരപരാധിത്വം തെളിയിക്കുന്നതുവരെ സസ്പെൻഷനിൽ നിർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണു്?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: (എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

കരിഞ്ചന്തയെപ്പറ്റി പത്രവാർത്ത

* ൨൪൭൩ (൯൮) ശ്രീ. കെ.കെ. വിശ്വനാഥൻ : താഴെ പറയുന്നചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഒരു പലചരക്കു വ്യാപാരിയോടു ഫാക. വാങ്ങി, ന്യായത്തിൽ പഞ്ചസാരയുടെ ഒരു ചീറ്റ കൊടുത്തുവെന്ന വാർത്ത പത്രങ്ങളിൽ കാണുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് അതേപ്പറ്റി അന്വേഷിച്ചോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) അങ്ങിനെ ചില പത്രങ്ങളിൽ കണ്ടിട്ടുണ്ടു്;

(ബി) ഗവണ്മെൻറ് അന്വേഷിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : അങ്ങിനെ ചെയ്തതു് ആരാണെന്നു പറയാൻ സാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണത്തിൻറെ ഫലമായി അതാരാണെന്നു ഇതുവരെ വെളിവായിട്ടില്ല.

സ്റ്റേറ്റുകാറുകളും പൂമംഗലം തെരഞ്ഞെടുപ്പും

* ൨൪൭൪ (൯൯) ശ്രീ. ഇട്ടീര അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പൂമംഗലം ഉപതെരഞ്ഞെടുപ്പിൽ സ്റ്റേറ്റുകാറുകൾ ഉപയോഗിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണു് പ്രസ്തുത കാറുകൾ ഉപയോഗിച്ചിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly